# ഭരണഭാഷ - മാതൃഭാഷ

**<u>മേലെഴുത്ത് നമ്പർ ഇഎ2/53264/23/ഡിടിഇ തീയതി: 18.12.2023</u>**

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, സുപ്രീം കോടതി, നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ, മറ്റ് ഫോറങ്ങൾ എന്നിവിടങ്ങളിൽ സർക്കാരിനെ കക്ഷിയാക്കി ഫയൽ ചെയ്യപ്പെടുന്ന വിവിധ കേസുകളുടെ നടത്തിപ്പിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ആശയവിനിമയം കൂടുതൽ സുഗമമാക്കുന്നതിനുമായി ടി കാര്യാലയത്തിലെ അണ്ടർ സെക്രട്ടറി തലം മുതൽ ജോയിൻ്റ് സെക്രട്ടറി തലം വരെയുള്ള ഉദ്യോഗസ്ഥരെ വിവിധ വകുപ്പുകളുടെ /വിഷയങ്ങളുടെ നോഡൽ ഓഫീസർമാരായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉദ്യോഗസ്ഥരുടെ വിവരങ്ങളടങ്ങിയ പട്ടിക സർക്കാരിലേക്ക് അയച്ചു നൽകിയിട്ടുണ്ടെന്നും ടി നോഡൽ ഓഫീസർമാരുടെ ചുമതലകൾ ടി ഉത്തരവിൽ പറയും പ്രകാരം ആയിരിക്കും എന്ന് അറിയിച്ചിരിക്കുന്നു. പ്രസ്തുത സർക്കാർ കത്ത് വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന/ഓഫീസ് മേധാവികളുടെയും അറിവിലേക്കും തുടർ നടപടികൾക്കുമായും നൽകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന/ഓഫീസ് മേധാവികൾക്കും (ഡിടിഇ വെബ്സൈറ്റ് വഴി)
2. ഈ കാര്യാലയത്തിലെ എല്ലാ ജീവനക്കാരും
3. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

**Approval Valid**

Digitally Approved By
സുനിൽ കുമാർ സി വി
Date: 19.12.2023
Reason: Approved

Draft #1 of File EA2/53264/23/DTE Approved by Senior Administrative Officer on 19-Dec-2023 08:56 AM - Page 1

The document is digitally approved. Hence signature is not needed.

# കേരള അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം ,എറണാകുളം

PHONE(PABX): 0484-2395050,2395052,2395078,FAX:0484 2394674
Email: advocategeneralkerala@gmail.com

എഡി.ബി3 - 25126/2023(IV) Date: 01.12.2023

OFFICE OF THE DIRECTOR OF ... EDUCATION
16 DEC 2023
THIRUVANANTHAPURAM

പ്രേഷിതൻ,

അഡ്വക്കേറ്റ് ജനറൽ

കേരളം

സ്വീകർത്താവ് ,

എല്ലാ വകുപ്പ് തലവൻമാർക്കും

സർ ,

വിഷയം:- ഭരണവിഭാഗം -അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം ,എറണാകുളം - നോഡൽ ഓഫീസർമാരുടെ പുതുക്കിയ പട്ടിക - സംബന്ധിച്ച് .

സൂചന: 1.ഈ കാര്യാലയത്തിന്റെ **09.09.2021** തീയതിയിലെ എഡി.ബി.3-**25126/2021(I)** നമ്പർ കത്ത്

2. ഈ കാര്യാലയത്തിന്റെ **29.07.2021** തീയതിയിലെ **08/2021** നമ്പർ പരിപത്രം
3. ഈ കാര്യാലയത്തിന്റെ **22.11.2023** തീയതിയിലെ **Ad.B3-25126/2021** നമ്പർ ഉത്തരവ്

മേൽ സൂചന കത്ത്,പരിപത്രം എന്നിവയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) പരിപത്രപ്രകാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ,സുപ്രീം കോടതി ,നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ,മറ്റ് ഫോറങ്ങൾ എന്നിവിടങ്ങളിൽ സർക്കാരിനെ കക്ഷിയാക്കി ഫയൽ ചെയ്യപ്പെടുന്ന വിവിധ കേസുകളുടെ നടത്തിപ്പിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും ആശയവിനിമയം കൂടുതൽ സുഗമമാക്കുന്നതിനുമായി ഈ കാര്യാലയത്തിലെ അണ്ടർ സെക്രട്ടറി തലം മുതൽ ജോയിന്റ് സെക്രട്ടറി തലം വരെയുള്ള ഉദ്യോഗസ്ഥരെ വിവിധ വകുപ്പുകളുടെ /വിഷയങ്ങളുടെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുള്ളതും സൂചന(1) കത്ത് പ്രകാരം പ്രസ്തുത ഉദ്യോഗസ്ഥരുടെ വിവരങ്ങളടങ്ങിയ പട്ടിക സർക്കാരിലേക്ക് അയച്ചു നല്കിയിട്ടുള്ളതുമാണ്. സൂചന (2) പരിപത്ര പ്രകാരമുള്ള പട്ടിക സൂചന (3) ഉത്തരവ് പ്രകാരം പുതുക്കിയിട്ടുള്ളതാണ്.നോഡൽ ഓഫീസർമാരുടെ ചുമതലകൾ താഴെ പറയും പ്രകാരം ആയിരിക്കും.

1. കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് കാര്യാലയത്തിൽ വരുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുക.ബന്ധപ്പെട്ട സർക്കാർ അഭിഭാഷകർ ,സെക്ഷൻ ഓഫീസർ/അസിസ്റ്റന്റ് എന്നിവരുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ഉറപ്പ് വരുത്തുക

2. കേസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സംശയനിവാരണങ്ങൾക്കും സഹായത്തിനുമായി വിവിധ സർക്കാർ വകുപ്പ് / ഓഫീസുകളിൽ നിന്നും വരുന്ന ഫോൺ കോളുകൾ അറ്റൻഡ് ചെയ്ത് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുകയും സെക്ഷനുമായി ആശയവിനിമയം നടത്തി കേസ് നടത്തിപ്പിലെ കാര്യക്ഷമത ഉറപ്പ് വരുത്തുകയും ചെയ്യുക.

3. പ്രാധാന്യം അർഹിക്കുന്ന കേസുകളുടെ ലിസ്റ്റ് തയ്യാറാക്കി കൃത്യമായി ഫോളോ അപ്പ് നടത്തുക,സെക്ഷനുമായി നിരന്തര സമ്പർക്കം പുലർത്തി പ്രസ്തുത കേസുകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക.

4. അടിയന്തിരപ്രാധാന്യം അർഹിക്കുന്ന ഘട്ടങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥരുമായി നേരിട്ട് ടെലിഫോൺ മുഖാന്തിരം അങ്ങോട്ട് ബന്ധപ്പെടേണ്ടതും കേസ് സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതും ആണ്.ആയതിന് ശേഷം പ്രസ്തുത വിവരങ്ങൾ രേഖാമൂലം അറിയിക്കുന്നതിനുള്ള നടപടികൾ അസിസ്റ്റന്റ്/ സെക്ഷൻ ഓഫീസർ സ്വീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5. **MISAGO** സംവിധാനം വഴി നോഡൽ ഓഫീസർമാർ തങ്ങൾക്കുചുമതലയുള്ള വകുപ്പുകൾ /വിഷയങ്ങൾ എന്നിവ സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകളെ നിരന്തരം മോണിറ്റർ ചെയ്യേണ്ടതാണ് . കേസുമായി ബന്ധപ്പെട്ട ജോലികൾ സമയബന്ധിതമായി തീർക്കുന്നതിനാവശ്യമായ കർശന നിർദേശങ്ങൾ നൽകേണ്ടതും കേസുകളിലെ വിവിധ ഉത്തരവുകളും വിധിപ്പകർപ്പുകളും മിസാഗോയിൽ അപ്‌ഡേറ്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

6. വിവിധ വകുപ്പുകളിൽ നിന്നും മിസാഗോ വഴിയും അല്ലാതെയും ലഭ്യമാകുന്ന കേസ് വിവരങ്ങളും കാര്യവിവരണ പത്രികകളും സെക്ഷൻ അസിസ്റ്റന്റ് / സെക്ഷൻ ഓഫീസർ തുടങ്ങിയവർ കാര്യക്ഷമമായും കൃത്യസമയത്തും സർക്കാർ അഭിഭാഷകർക്ക് ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക .

7. വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ,സർക്കാർ അഭിഭാഷകർ ,ഈ കാര്യാലയത്തിലെ ജീവനക്കാർ എന്നിവർക്കിടയിലെ ആശയവിനിമയം സുഗമവും കാര്യക്ഷമവുമാക്കുന്ന ചാലകശക്തിയായി പ്രവർത്തിക്കുക.

8. നോഡൽ ഓഫീസർമാർ തങ്ങളുടെ ചുമതല നിർവ്വഹണ പരിധിയിൽ വരുന്ന സർക്കാർ വകുപ്പ് / ഉദ്യോഗസ്ഥർ കക്ഷിയായി ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

കേസ് സംബന്ധമായ ആവശ്യങ്ങൾക്കായി ഈ കാര്യാലയത്തിൽ എത്തിച്ചേരുന്ന ഉദ്യോഗസ്ഥർ നോഡൽ ഓഫീസർമാരുമായി ഔദ്യോഗികമായി ബന്ധപ്പെടേണ്ടതാണ് .കാര്യാലയത്തിലെ ആഭ്യന്തര സ്ഥാനമാറ്റങ്ങൾക്ക് വിധേയമായി നോഡൽ ഓഫീസർമാരുടെ പട്ടിക പുതുക്കപ്പെടുന്നതാണ്.

വിവിധ വകുപ്പ്/വിഷയങ്ങളുടെ നോഡൽ ഓഫീസർമാർ ,അവരുടെ ഫോൺ നമ്പർ എന്നിവ താഴെപ്പറയും പ്രകാരം ആയിരിക്കും.

| NAME | DESIGNATION | DEPARTMENTS | PHONE NO. |
|---|---|---|---|
| PREETHA RANI.S | JOINT SECRETARY(ADMN) | Chief Nodal Officer | 0484-2564711<br>9446060141 |
| SILVY VARGHESE | JOINT SECRETARY(JUDICIAL-I) | KAT,Thiruvananthapuram | 0471-2573057<br>8157889349 |
| RINIMOL RAPHY | JOINT SECRETARY (JUDICIAL-II) | Water Resources,General Administration (Minority Welfare) Department,Archaeology Department | 0484-2564919<br>9446312614 |
| ROY JAMES | JOINT SECRETARY (JUDICIAL-III) | Health & Family Welfare (Miscellaneous)<br>Forest & Wildlife,Mining & Geology,Fisheries,Labour &Industries Departments | 0484-2564950<br>9846193232 |
| RAMADAS.G | DEPUTY SECRETARY-I | AG,AAG & Camp related cases, | 0484-2564322<br>9495427316 |
| ANITHA PETER | DEPUTY SECRETARY-II | Law Department | 0484-2564404<br>9495438377 |
| DAYAL.K.K | DEPUTY SECRETARY-III | Finance Department, Taxes Department & Planning and Economic Affairs,CAT cases and Company Law Tribunal cases | 0484-2564813<br>9447307214 |
| M.V.BIJU | DEPUTY SECRETARY-IV | Home Department, Vigilance & Police ,Coastal Shipping and Inland Navigation Department | 0484-2564957<br>9400444518 |
| SREENIVASAN.V.R | DEPUTY SECRETARY-V | Contempt of Court Cases | 0484-2564608<br>9846595754 |
| RAJESHKUMAR.V.S | DEPUTY SECRETARY-VI | Supreme Court Cases | 0484-2564930<br>8089127582 |
| LATHA.K.A | DEPUTY SECRETARY-VIII | Criminal Appeal Cases | 0484-2564970<br>9495972597 |
| JITHESH.P.B | UNDER SECRETARY-I/DDO | SPARK,Accountant General | 0484-2564458<br>9447500481 |
| SIJA.P.T | UNDER SECRETARY-II/PRO | Information and Public Relations Department,General Administration (Political) Department | 0484-2564206<br>9946306487 |
| KOSHY JOHN | UNDER SECRETARY-III | Crl.MC,Crl.RP,BA cases | 0484-2564903<br>9846099988 |
| DOMINIC JAISON MENDEZ | UNDER SECRETARY-IV | KAT(EKM) cases | 0484-2564959<br>9249997650 |

| | | | |
|---|---|---|---|
| ANIL KUMAR.N | UNDER SECRETARY-V | Revenue Department,Agriculture Development and Farmers Welfare Department | 0484-2564958 9387162993 |
| REMADEVI.T.R | UNDER SECRETARY-VI | LSGD and Co-operative Department | 0484-2564918 8281358980 |
| ASHA.G | UNDER SECRETARY-VII | Other Court Cases (such as NGT) | 0484-2564968 9446793217 |
| SREEKALA.M.K | UNDER SECRETARY-VIII | Higher Education Department,Health & Family Welfare Services,SC/ST Department cases,Writ Appeal cases | 0484-2564810 9747397811 |
| ASHRAF.A | UNDER SECRETARY-IX | Public Works Department | 0484-2564960 9446026567 |
| SHEENA KURIAN | UNDER SECRETARY-X | General Education | 0484-2564849 9447583580 |
| SAHIDA.A | UNDER SECRETARY-XI | Transport Department,Power Department,Food & Civil Supplies | 0484-2564450 9446608373 |
| ANILKUMAR.G | UNDER SECRETARY-XII | KAT ,Thiruvananthapuram (assisting Nodal Officer) | 9495241986 |

നോഡൽ ഓഫീസർമാരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു .

വിശ്വസ്തതയോടെ
(ഒപ്പ്)
കെ.ഗോപാലകൃഷ്ണ കുറുപ്പ്
അഡ്വക്കേറ്റ് ജനറൽ

പകർപ്പ് :

എല്ലാ ജില്ലാ കളക്ടർമാർക്കും
ലെയ്സൺ ഓഫീസർമാർക്കും

അംഗീകാരത്തോടെ

അഡ്വക്കേറ്റ് ജനറലിന്റെ സെക്രട്ടറി